**D 50809** (Pages : 2) Name.................................

Reg. No.................................

# FIFTH SEMESTER B.A. DEGREE EXAMINATION, NOVEMBER 2018

(CUCBCSS–UG)

Malayalam

## MAL 5B 09—MALAYALA SAHITHYA VIMARSANAM

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 'നവലോകം' എന്ന വിമർശനഗ്രന്ഥം രചിച്ചതാര് ?

2 'സങ്കീർണമായ നിർമ്മിതികളുടെ ആർക്കിടെക്റ്റ്' എന്ന് കല്പറ്റ നാരായണൻ വിശേഷിപ്പിക്കുന്നതാരെ ?

3 അധഃപതനമാണ് ഹാസ്യത്തിനു നിദാനമാകുന്നതെന്നു പറഞ്ഞതാര് ?

4 ഉപനിഷദ് ദർശനങ്ങളെ ആസ്പദമാക്കി സുകുമാർ അഴിക്കോട് രചിച്ച പുസ്തകമേത് ?

5 സി.പി. അച്യുതമേനോന്റെ പത്രാധിപത്യത്തിൽ പുറത്തിറങ്ങിയിരുന്ന ആനുകാലികത്തിന്റെ പേരെന്ത് ?

6 ജീവിതത്തിന്റെ ഉദ്ദേശ്യമെന്താണെന്നു സ്വന്തം മാർഗ്ഗത്തിലൂടെ അന്വേഷിച്ചറിഞ്ഞ ഹെർമൻ ഹെസ്സെയുടെ കഥാപാത്രം ഏത് ?

7 മഹാഭാരത കഥാസന്ദർഭങ്ങളെ ആസ്പദമാക്കി കുട്ടികൃഷ്ണമാരാർ രചിച്ച വിമർശന ഗ്രന്ഥത്തിന്റെ പേരെന്ത് ?

8 കാളിദാസൻ കാലത്തിന്റെ ദാസനാണെന്ന് അഭിപ്രായപ്പെട്ട നിരൂപകൻ ആര് ?

9 ഫ്രോയ്ഡിയൻ മനശ്ശാസ്ത്ര തത്ത്വങ്ങളുടെ വെളിച്ചത്തിൽ മലയാള സാഹിത്യ നിരൂപണം നടത്തിയ എഴുത്തുകാരൻ ആര് ?

10 'കറുത്തമ്മ' ഏതു നോവലിലെ നായികയാണ് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 'ഫ്യൂച്ചറിസ്റ്റ് കലാകാരൻമാർ കലാലോകത്തെ അരാജക കക്ഷിക്കാരാണ്'—എന്തുകൊണ്ട് ?

12 ഹാസ്യോല്പത്തിയെക്കുറിച്ച് ഹാസ്ലിറ്റ് മുന്നോട്ടു വയ്ക്കുന്ന സിദ്ധാന്തമെന്ത് ?

13 മണിപ്രവാളത്തിൽ 'ഭാഷാബന്ധം' എന്നു പറയുന്നത് എന്തിനെയാണ് ?

14 'രാമചരിതത്തിന്റെ രഹസ്യം' എന്തെന്നാണ് കുട്ടികൃഷ്ണമാരാർ അഭിപ്രായപ്പെടുന്നത് ?

15 'കേരളവാല്മീകി' എന്ന ബിരുദത്തിന് അർഹൻ കുമാരനാശാനാണ് എന്ന് അഴീക്കോട് പറയുന്നതിന്റെ യുക്തിയെന്ത് ?

(5 × 2 = 10 marks)

Turn over

III. അഞ്ചു ചോദ്യത്തിന് ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക :

16 'പാകപ്പെടുത്തിയ ഓർമ്മയും അതിന്റെ ആസ്വാദനവുമാണ് വൈലോപ്പിള്ളിക്കവിതയിൽ ജീവിതാനന്ദത്തിന്റെ അടിസ്ഥാനം'—ആരുടെ വാക്കുകളാണിത് ? വിശദമാക്കുക.

17 വൈഷ്ണവപാരമ്പര്യത്തെയാണ് മഹാത്മാഗാന്ധി പ്രതിനിധീകരിച്ചതെന്ന് എം. ഗോവിന്ദൻ പറയുന്നതെന്തുകൊണ്ട് ?

18 കലയുടെ സദാചാരവും പ്രൊമിത്യൂസിന്റെ ജീവിത കഥയും തമ്മിലുള്ള ബന്ധമെന്ത് ?

19 എഴുത്തുകാരന്റെ സ്വാതന്ത്ര്യത്തെ കെ.പി. അപ്പൻ നിർവചിക്കുന്നതെങ്ങനെ ?

20 കാളിദാസ കഥാപാത്രങ്ങളിൽ ഏറ്റവും സഹതാപമർഹിക്കുന്നത് ശകുന്തളയാണെന്നു പറയുന്നതെന്തുകൊണ്ട് ?

21 'ഒരതിമാനുഷന്റെ കാഴ്ചപ്പാടിൽ നിന്നാണ് മേതിൽ എപ്പോഴുമെഴുതുന്നത്'—വിവക്ഷിതമെന്ത് ?

22 ഫ്യൂച്ചറിസ്റ്റ് നാടകങ്ങളുടേതായി കേസരി ചൂണ്ടിക്കാട്ടുന്ന സവിശേഷതകൾ എന്തെല്ലാം ?

(5 × 5 = 25 marks)

IV. നാലു ചോദ്യത്തിന് 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക :

23 'കേരളീയർക്കു കിട്ടിയ ആധുനിക രാമായണമാണ് ആശാന്റെ സീതാകാവ്യം'—ഈ അവകാശവാദം സുകുമാർ അഴീക്കോട് സ്ഥാപിച്ചെടുക്കുന്നതെങ്ങനെ ? ചർച്ച ചെയ്യുക.

24 സാഹിത്യവിമർശനവും സർഗാത്മകരചനയാണെന്ന് സ്വന്തം കൃതികളിലൂടെ സാക്ഷ്യപ്പെടുത്തിയ എഴുത്തുകാരനാണ് കുട്ടികൃഷ്ണമാരാരും കെ.പി. അപ്പനും—സമർത്ഥിക്കുക.

25 വൈലോപ്പിള്ളിക്കവിതയിലെ ആനൽവീക്ഷണത്തെ എം.എൻ. വിജയൻ ദൃഷ്ടാന്തപ്പെടുത്തുന്നതെങ്ങനെയെന്നു വിശദമാക്കുക.

26 ഹാസ്യത്തിന്റെ ഉല്പത്തിയെ സംബന്ധിച്ചുള്ള വിഭിന്നാഭിപ്രായങ്ങൾ ക്രോഡീകരിക്കുക.

27 'സ്രഷ്ടാവിന്റെ സ്വാതന്ത്ര്യത്തെയും സൃഷ്ടിയുടെ സദാചാരത്തെയും കുറിച്ചുള്ള എം. തോമസ് മാത്യുവിന്റെ നിരീക്ഷണങ്ങൾ സംഗ്രഹിക്കുക.

28 മണിപ്രവാള കവിതയുടെ പുതിയ വായനാസാധ്യതകളാണ് 'കവിതയുടെ അങ്ങാടികൾ' തുറന്നു തരുന്നത്—ഉപപാദിക്കുക.

(4 × 10 = 40 marks)